# കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്

## 14-ാം പഞ്ചവത്സര പദ്ധതി 2022-2027

## വാർഷിക പദ്ധതി 2026-27

## നവകേരളത്തിന് ജനകീയാസൂത്രണം

# അന്തിമ പദ്ധതി രേഖ

# 2026-27

-



# ആമുഖം

ബഹുമാന്യരെ,

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2026-27 വർഷത്തെ പദ്ധതി രൂപീകരണ ഘട്ടമായ ഇപ്പോൾ പുതിയ ഭരണസമിതിയാണ് നേതൃത്വം വഹിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇതിനകം തന്നെ ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പുകൾ പനസംഘടിപ്പിച്ച് യോഗങ്ങൾ ചേർന്ന് ഉയർന്നു വന്ന വികസന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് കരട് പദ്ധതി ചർച്ച ചെയ്യുന്നതിനായി ഈ വികസന സെമിനാറിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന മുഴുവൻ പ്രതിനിധികളെയും സ്നേഹ പൂർവ്വം സ്വാഗതം ചെയ്യുന്നു. 2025-26 വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തി ലാണ് നാം. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വാർഷിക പദ്ധതി 2026-27 യുടെ ആസുത്രണ പ്രവർത്തനങ്ങൾ ഫെബ്രുവരി 20നകം പൂർത്തീകരിക്കേണ്ട തുണ്ട്. പഞ്ചായത്തിലെ വിവിധ വികസന മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവിടെ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൽ കൂടി പരിഗ ണിച്ചാണ് വികസന സെമിനാർ സംഘടിപ്പിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന ലഭ്യമാകുന്ന വിഭവ സോത്രസ്സുകൾ ഉപയോഗപ്പെടുത്തി സർക്കാർ നിർദ്ദേശ പ്രകാരം അനിവാര്യമായ വിഹിതം നീക്കി വെക്കേണ്ട മേഖല കൾക്ക് നീക്കിവെച്ച് ഉല്പാദന മേഖലയ്ക്ക് ഊന്നൽ നൽകും വിധമുള്ള പദ്ധതി നിർദ്ദേ ശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സുസ്ഥിര വികസന ലക്ഷ്യത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഊന്നൽ കൊടുക്കുന്ന സദ്ഭരണം, ശിശുസൗഹൃദഗ്രാമം എന്നീ ലക്ഷ്യ ങ്ങൾ പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഈ വാർഷിക പദ്ധതിതിയിൽ തുടർന്നും നട പ്പിലാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രണ്ട് തീമുകളെയും അടിസ്ഥാനമാക്കിയുള്ള നൂതന പദ്ധതി നിർദ്ദേശങ്ങൾ സെമിനാറിന്റെ ചർച്ചയുടെ ഭാഗമായി ഉയർന്നുവരുമെന്ന് പ്രതീ ക്ഷിക്കുന്നു.

2025-26 വാർഷിക പദ്ധതിയുടെ പൂർത്തീകരണത്തിന പദ്ധതി വിഹിതത്തിന്റെ അവസാന ഗഡു ലഭ്യമായിട്ടില്ല. 2026-27 വാർഷിക പദ്ധതി ആസൂത്രണ നടപടികളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പു കൾ, ഗ്രാമസഭകൾ എന്നിവയിലൂടെ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് തയ്യാറാ ക്കിയ അഞ്ചാംവാർഷിക പദ്ധതിരേഖ 2026-27 സമഗ്രമായ പരിശോധനയ്ക്കും ചർച്ചയ്ക്കും വിധേയമാക്കി സംപുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭരണസമിതിക്കുവേണ്ടി,
പ്രസിഡണ്ട്
കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്.

| വാർഡ് നം | വാർഡിന്റെ പേര് | മെമ്പർമാരുടെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| I | ഏറ്റുകുടുക്ക | ടി.വിജയൻ | 9446988695 |
| II | കാനം | കെ.എം.ശ്രീനാഥൻ | 9947959756 |
| III | വെളിച്ചംതോട് | സബിത.പി.പി | 9526158710 |
| IV | ചൂരൽ | ലിൻസി ജോസഫ് | 9037527317 |
| V | കുറുവേലി | പി.അനസൂയ | 9495722295 |
| VI | മാത്തിൽ | ടി.നാരായണൻ | 9847767689 |
| VII | വടശ്ശേരി | പി.ശ്രീലത | 9048612833 |
| VIII | ആലക്കാട് | എൻ.കെ.ഗംഗാധരൻ മാസ്റ്റർ | 9400481268 |
| IX | കാളീശ്വരം | അനിത.എം | 9526524791 |
| X | കുണ്ടയംകൊവ്വൽ | എ.ജയശ്രീ | 7593915279 |
| XI | താഴെക്കുറുന്ത് | മിനി | 9072942868 |
| XII | കാങ്കോൽ | സൗമ്യ.പി.വി | 9526554994 |
| XIII | പാനോത്ത് | പി.വി.ചന്ദ്രൻ | 9495417650 |
| XIV | പാപ്പാരട്ട | കെ.ധനഞ്ജയൻ | 9447851889 |
| XV | കക്കിരിയാട് | ശോഭ.പി.വി | 9947349040 |

# കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്
# വാർഷിക പദ്ധതിരേഖ- (2026-2027)

## പൊതുവിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | കാങ്കോൽ-ആലപ്പടമ്പ ഗ്രാമ പഞ്ചായത്ത് |
| ആസ്ഥാനം | : | മാത്തിൽ |
| റവന്യൂ വില്ലേജുകൾ | : | 2, (1) ആലപ്പടമ്പ്, (2) കാങ്കോൽ |
| ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് | : | പയ്യന്നൂർ |
| താലൂക്ക് | : | പയ്യന്നൂർ |
| ജില്ല | : | കണ്ണൂർ |
| അസംബ്ലി നിയോജക മണ്ഡലം | : | പയ്യന്നൂർ |
| വിസ്തീർണ്ണം | : | 42.07ച.കി.മി |
| വാർഡുകൾ | : | 15 (പതിനഞ്ച്) |
| സ്ത്രീ സംവരണ വാർഡുകൾ | : | 8, (3,4,5,7,9,10,11,12) |
| ജനസംഖ്യ | : | 22583 |
| പുരുഷന്മാർ | : | 11059 |
| സ്ത്രീകൾ | : | 11524 |
| ആകെ പട്ടികജാതി ജനസംഖ്യ | : | 1162 |
| ആകെ പട്ടികവർഗ്ഗ ജനസംഖ്യ | : | 79 |

| അതിരുകൾ | |
|---|---|
| കിഴക്ക്<br>എരമം-കുറ്റൂർ ഗ്രാമ പഞ്ചായത്ത്<br>പെരിങ്ങോം-വയക്കര ഗ്രാമ പഞ്ചായത്ത് | തെക്ക്<br>പയ്യന്നൂർ നഗരസഭ |
| പടിഞ്ഞാറ്<br>കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്<br>പയ്യന്നൂർ നഗരസഭ | വടക്ക്<br>കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്<br>(കാസർഗോഡ് ജില്ല)<br>പെരിങ്ങോം-വയക്കര പഞ്ചായത്ത് |

# ഉള്ളടക്കം

**അദ്ധ്യായങ്ങൾ**


1. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി
   അവസ്ഥാ വിശേഷം
2. വാർഷിക പദ്ധതി അവലോകനം (2025-26)
3. പ്രശ്നവിശകലനവും പരിഹാര സാധ്യതകളും
4. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, വികസന തന്ത്രം
5. വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും
6. 2026-27 വാർഷിക പദ്ധതി- അന്തിമ നിർദ്ദേശങ്ങൾ
   മേൽത്തട്ട് നിർദ്ദേശങ്ങൾ
7. പ്രത്യേക പദ്ധതികൾ/പരിപാടികൾ
8. വായ്പാ ബന്ധങ്ങൾ
9. സമഗ്ര പരിപാടികളും സംയോജന സാധ്യതകളും
10. മോണിറ്ററിംഗ്

# അധ്യായം-1
# തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി
# അവസ്ഥാ വിശകലനം

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് കാർഷിക പ്രാധാന്യമുള്ള സമ്പദ്വ്യവസ്ഥയോട് കൂടിയതും ജനങ്ങളിൽ ഭൂരിഭാഗവും കൃഷി അനുബന്ധ മേഖലയെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവരുമാണ്. സർക്കാർ അർദ്ധസർക്കാർമേഖലയിൽ തൊഴിൽ ചെയ്യുന്നവർ വളരെ കുറവാണ്. ഗ്രാമപഞ്ചായത്തിന്റെ മനുഷ്യവിഭവത്തിൽ 60% ത്തോളം കാർഷിക മേഖലയിലും 30% സേവനമേഖലയിലും 10 % മൃഗപരിപാലന,ക്ഷീരവികസന മേഖലയിലും തൊഴിൽ ചെയ്യുന്നവരാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റും ഭാഗമായി കാർഷികമേഖല ഉൾപ്പെടെയുള്ള ഉല്പാദന മേഖല നേരിടുന്ന പ്രശ്നങ്ങളും,സേവന മേഖലയോടുള്ള ആശ്രിതത്വവും പഞ്ചായത്തിന്റെ സമ്പദ്വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങളാണ്.

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ 2021 ലെ GIS മാപ്പിംഗിന്റെ ഭാഗമായുള്ള ക□ ത്തൽ പ്രകാരം ആകെ ജനസംഖ്യ 22503 ആണ്. ഇതിൽ 11059 പുരുഷന്മാരും 11524 സ്ത്രീകളുമാണ്. ഇതിൽ 40% ത്തിലധികം യുവാക്കളാണ്. എന്നാൽ കരുത്തുറ്റ ഈ മനുഷ്യ വിഭവം വേ□ രീതിയിൽ പ്രയോജനപ്രദമാക്കാൻ കഴിയുന്നില്ല. നിലവിലുള്ള സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇടത്തരക്കാരാണ് സമൂഹത്തിൽ വലിയ വിഭാഗം. സാമ്പ ത്തിക അസമത്വം സമൂഹത്തിൽ നിലനിൽക്കുന്നു□ . നിർമ്മാണമേഖല ഉൾപ്പെടെയുള്ള വിവിധതൊഴിൽ മേഖലകളിൽ അന്യദേശ തൊഴിലാളികളുടെ സ്വാധിനം വളരെ വലുതാണ്. 12 ശതമാനത്തിലധികം പേർ അന്യദേശ തൊഴിലാളികളാണ്. നമ്മുടെ സാമ്പത്തിക മേഖലയിൽ വിദേശമലയാളികളുടെ സാന്നിദ്ധ്യം പ്രാദേശിക വിപണിയെയും നിർമ്മാണമേഖലയെയും സ്വാധിനിക്കു□ .മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയുള്ള തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക തൊഴിൽ മേഖലയിൽ ചലനമു□ ാക്കാൻ സാധിക്കുന്നു□ .

വ്യവസായ മേഖലയിൽ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. വ്യവസായ സംരംഭക വർഷത്തിന്റെ ഭാഗമായി ഉൽപ്പാദന സംരംഭങ്ങൾ, കച്ചവടസംരംഭങ്ങൾ സേ വനസംരംഭങ്ങൾ, എന്നിവ അടുത്ത കാലത്തായി ആരംഭിച്ചിട്ടു□ . അതുവഴി 150ൽ പരം ആളുകൾക്ക് തൊഴിൽ ലഭ്യത ഉ□ ായി. കുടുംബശ്രീയിലൂടെ വ്യക്തിഗതമായി 36 സംരം ഭങ്ങളും ഗ്രൂപ്പിനത്തിൽ 19 സംരംഭങ്ങൾ ഉൾപ്പെടെ 114 പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു. ഇത് വഴി ഗ്രാമപഞ്ചായത്തിലെ സമ്പദ്വ്യവസ്ഥയിൽ ചെറി യൊരു ചലനം സാദ്ധ്യമായിട്ടു□ .

## ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രവും പാരിസ്ഥികവുമായ പ്രത്യേകതകൾ

42.07 ച.കിലോമീറ്റർ ഭൂവിസ്തൃതിയുള്ള കാങ്കോൽ ആലപ്പടമ്പ എന്നീ 2 വില്ലേജു കളിലായി വടക്കൻ ഇടനാട് എന്ന മേഖലയിൽപെടുന്ന ഗ്രാമപഞ്ചായത്താണ് കാങ്കോൽ ആലപ്പടമ്പ. കുന്നുകളും, താഴ്വരകളും, സമതലങ്ങളും, കാവുകളും, ചെറുതോടുകളും ചേർന്ന ഭൂപ്രദേശമാണ് നമ്മുടെത്. ഇതിൽ കാങ്കോൽ വില്ലേജിലെ ഭൂരിഭാഗം പ്രദേശവും ഇടനാടൻ ഭൂവിഭാഗത്തിലും, ആലപ്പടമ്പ വില്ലേജിലെ ഭൂപ്രദേശങ്ങൾ ഉയർന്ന ഭൂവിഭാഗ ത്തിലും പെടുന്നു. പഞ്ചായത്തിലെ ഭൂവിന്യാസത്തെ നിലം, പുരയിടം,കൃഷിയോഗ്യമായ തരിശ്, പുറമ്പോക്ക് എന്നിങ്ങനെ വിഭജിക്കാം.

### ജലഭ്യതയുടെ സ്വഭാവം അനുസരിച്ചുള്ള തരംതിരിവ്

സുലഭം 30%

മിതം 40%

ദരിദ്രം 30%

ചരൽ കലർന്നതും, ജൈവാംശം കുറഞ്ഞതുമായ ചെങ്കൽമണ്ണാണ് ചെരിവ് പ്രദേങ്ങളിൽ ക□ ുവരുന്നത്. വേനൽക്കാലമാകുന്നതോടു കൂടി ചില പ്രദേശങ്ങളിൽ കൂടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. മണ്ണൊലിപ്പും, സസ്യാവരണശോഷണവും, ചില മേഖലയിലെ ചെങ്കൽ ഖനനം, മണ്ണെടുപ്പ് എന്നിവയും പാരിസ്ഥിതിക പ്രശ്നങ്ങളായി നിലനിൽക്കുന്നു.

### ഗ്രാമപഞ്ചായത്തിലെ കാലാവസ്ഥാ ചിത്രം താഴെകൊടുക്കുന്നു.

ജൂൺ, ജൂലായ്, ആഗസ്ത് – കാലവർഷം

സെപ്റ്റംബർ – കാലവർഷത്തിന്റെ പിൻവാങ്ങൽ കാലം.

ഒക്ടോബർ–നവംബർ – വടക്കു കിഴക്കൻ മൺസൂൺ.

ഡിസംബർ, ജനുവരി, ഫെബ്രുവരി– ശൈത്യകാലം

മാർച്ച്,ഏപ്രിൽ,മെയ് – വേനൽ കാലം

### ഭൂപ്രകൃതി വിശദാംശങ്ങൾ

| ഭൂമിയുടെ തരം | വിസ്തൃതി | ശതമാനം |
|---|---|---|
| 1. നിമ്ന പീഠഭൂമി | 2851.77 ഹെ. | 67.88 |
| 2. ഒറ്റപ്പെട്ട കുന്നുകൾ | 129.69. ഹെ. | 3.08 |
| 3. ഒറ്റപ്പെട്ട മലകൾ | 495.17. ഹെ. | 11.78 |
| 4. താഴ്വരകൾ | 244.14. ഹെ. | 5.82 |
| 5. ഗിരിതടം | 480.53 ഹെ. | 11.44 |
| **ആകെ** | **4201.30.** | **100.00** |

നിലവിലുള്ള ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നം മാലിന്യനിക്ഷേപമാണ്. ഗാർഹിക മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കപ്പെടണം. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ബോധ്യം പൊതു സമൂഹത്തിനു□ ാക്കുന്നതിനായി നല്ല നിലയിലുള്ള പ്രചരണ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നു□ . 100% യൂസർഫീ ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുവാൻ ഇതിനകം സാധിച്ചിട്ടു□ . പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യത്തിന്റെ സ്രോതസ്സ് ക□ ത്താനും പിഴ ചുമത്താനുമുള്ള ഇടപെടലുകൾ നല്ല രീതിയിൽ നടന്നുവരുന്നു.

## മനുഷ്യവിഭവം

ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 22583 ആണ്. ഇതിൽ 51.03 ശതമാനം സ്ത്രീകളും, 40 ശതമാനം യുവജനങ്ങളുമാണ്. സ്ത്രീകളുടെ എണ്ണം 11,524 ഉം പുരുഷന്മാർ 11059 മാണ്.

ജനസംഖ്യയിൽ 1162 പേർ പട്ടികജാതി വിഭാഗത്തിലും 79പേർ പട്ടികവർഗ്ഗവിഭാഗത്തിലും പെടുന്നു. ജനവിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ കഴിഞ്ഞകാല പദ്ധതികളിലൂടെ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

## വിവിധ വികസന മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ

## I ഉത്പ്പാദന മേഖല

1. കൃഷിയിടങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വന്യമൃഗശല്യവും, കാലവസ്ഥവ്യതിനായവും.
2. കാർഷിക മേഖലയിൽ തൊഴിലാളികളുടെ ക്ഷാമം നേരിടുന്നു.
3. നീർത്തടാധിഷ്ഠിത വികസനപരിപാടികൾ ഫലപ്രദമല്ല.
4. ഭക്ഷ്യവിളകളുടെ വിസ്തൃതി കുറഞ്ഞുവരുന്നു.
5. നെൽകൃഷി തരിശിടുന്ന പ്രവണത കൂടി വരുന്നു.
6. കാർഷികാവശ്യത്തിന ജലലഭ്യതക്കുറവ്.
7. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത.
8. സമഗ്രമണ്ണ് ജലസംരംക്ഷണ പ്രവർത്തനങ്ങളുടെ കുറവ്.
9. മൂല്യവർദ്ധിത ഉല്പ്പന്ന യൂണിറ്റുകളില്ല.
10. നൂതന സംരംഭങ്ങൾ ഏറ്റെടുക്കാനുള്ള വൈമുഖ്യം.
11. ചെറുകിട ഉല്പാദന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
12. ക്ഷീരമേഖലയിൽ പാലിന്റെ ഉൽപ്പാദനചെലവിനുസൃതമായ വില ലഭ്യമാകുന്നില്ല.
13. 13.ഉൽപ്പന്നങ്ങൾക്ക് കേന്ദ്രീകൃത വിപണിയില്ല.

## II സേവനമേഖല

1. ജീവിതശൈലീരോഗങ്ങളുള്ളവരുടെ എണ്ണത്തിൽ വർദ്ധനവ്.
2. കാൻസർ പോലുള്ള മാരകരോഗങ്ങൾ കൂടി വരുന്നു.
3. യുവാക്കളിൽ വളർന്നു വരുന്ന മാനസിക പിരിമുറുക്കം.
4. ഫാസ്റ്റ്ഫുഡ് സംസ്കാരം കൂടി വരുന്നു.
5. കുടുംബാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സയില്ല.
6. പൊതുസ്ഥലങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങളില്ല.
7. എല്ലാവാർഡുകളിലും പൊതുകളിസ്ഥലങ്ങളില്ല.
8. ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.
9. അണുകുടുംബ വ്യവസ്ഥ വന്നതോടെ വീടുകളുടെ ആവശ്യം കൂടി വരുന്നു.
10. പൊതുവിഭാഗങ്ങളിൽ വീട് റിപ്പയർ പദ്ധതി നടപ്പിലാക്കാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം കഴിയുന്നില്ല.
11. കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവർക്ക് സമഗ്രപദ്ധതിക ൻ ഏറ്റെടുക്കാൻ ഫണ്ടിന്റെ കുറവുമൂലം സാധിക്കുന്നില്ല.
12. വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചവ സ്ഥായിയായി നിലനിൽക്കുന്നില്ല.
13. ഭൂഗർഭലത്തിന്റെ അളവ് കുറഞ്ഞു വരുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നു.
14. കിണറുകളിൽ കോളിഫോം ബാക്ടീരിയ സാന്നിദ്ധ്യം.
15. മത്സ്യമാർക്കറ്റിന്റെ അഭാവം.
16. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ.

## III പൊതുഭരണം, ധനകാര്യം

1. ഗ്രാമസഭകളിലെ പങ്കാളിത്തക്കുറവ്- വിശിഷ്യ പുരുഷ പങ്കാളിത്തം.
2. ഗ്രാമപഞ്ചായത്തിന വിട്ടുകിട്ടിയ എല്ലാ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യവികസനം പൂർണ്ണമല്ല.
3. തനത് വരുമാന വർദ്ധനവ് പരിമിതമാണ്.
4. പ്രധാനകേന്ദ്രങ്ങളിൽ സാനിറ്റേഷൻ, മുലയൂട്ടൽ കേന്ദ്രങ്ങൾ

## പശ്ചാത്തലമേഖല

1. മുഴുവൻ റോഡുകളും ടാറിംഗ് പ്രവൃത്തി പൂർണ്ണമാക്കുവാൻ കഴിയുന്നില്ല.
2. ഗ്രാമീണ റോഡുകൾ പൂർണ്ണമായി സംരംക്ഷിക്കുവാൻ കഴിയുന്നില്ല.
3. അപകടാവസ്ഥയിലുള്ള കൾവർട്ട്, പാലങ്ങൾ പുനഃനിർമ്മിക്കുവാൻ സാധിക്കുന്നില്ല.

4. തകരാറിലുള്ള തെരുവുവിളക്കുകൾ യഥാസമയം റിപ്പയർ ചെയ്യാൻ കഴിയുന്നില്ല.
5. ചിലപ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം,പ്രസരണ നഷ്ടം എന്നിവ അനുഭവപ്പെടുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ വികസനം

1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവ നേടാനുള്ള താല്പര്യക്കുറവ്
2. സ്വയംതൊഴിൽ സംരംഭങ്ങളുടെ സാധ്യത വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.
3. വിവിധ പദ്ധതി ആനുകൂല്യങ്ങൾ സമയബന്ധിതമായും,കാര്യക്ഷമമായും നടപ്പിലാവുന്നില്ല.
4. സ്വയാർജ്ജിത വരുമാന സാധ്യതകൾ പരമ്പരാഗത തൊഴിൽ മേഖലയുമായി ബന്ധപ്പെടുത്തി വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

## ദുരന്തനിവാരണം,കാലാവസ്ഥാ വ്യതിയാനം

1. കാലം തെറ്റി പെയ്യുന്ന മഴ, അമിതമഴ എന്നിവ മൂലമുള്ള പ്രശ്നങ്ങൾ.
2. ദുരന്ത നിവാരണസേന കാര്യക്ഷമമല്ല.
3. ദുരന്ത നിവാരണ സോനാംഗങ്ങൾക്ക് പരിശീലനക്കുറവ്.
4. വേണ്ടത്ര ഉപകരണങ്ങൾ ദുരന്ത നിവാരണത്തിന ലഭ്യമല്ല.
5. രൂക്ഷമായ വരൾച്ച,കുടിവെള്ള ക്ഷാമം.
6. അപൂർവ്വ സസ്യങ്ങൾ,ജൈവവൈവിദ്ധ്യങ്ങൾ ഔഷധ സസ്യങ്ങൾ എന്നിവ സംരം ക്ഷിക്കുവാൻ പദ്ധതികളില്ല.
7. ചില പ്രദേശങ്ങളിൽ അതി തീവ്രമഴ ഉണ്ടാകുമ്പോൾ പൊടുന്നനെ ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രണ വിധേയമാക്കാൻ കഴിയുന്നില്ല.

# അദ്ധ്യായം 2
# വാർഷിക പദ്ധതി (2025-26) അവലോകനം

2025-26 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ വാർഷിക പദ്ധതിയിൽ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച 194 പദ്ധതിയിൽ പുതിയ വാർഷിക പദ്ധതികളും 51 സ്പിൽ ഓവർ പദ്ധതികളോടും കൂടിയായിരുന്നു പദ്ധതി നിർവഹണം ആരംഭിച്ചത്. 2025-26 വർഷത്തിൽ 2 തവണ പദ്ധതി ഭേദഗതി നടത്തിയിട്ടുണ്ട്. ഇപ്പോൾ 198 പുതിയ പദ്ധതികളും 51 സ്പിൽ ഓവർ പദ്ധതികളുമടക്കം ആകെ 249 പദ്ധതികളാണ് നിർവഹണം നടത്തി വരുന്നത്. പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് പ്രകാരം സിഎഫ്സി ബേസിക്ക് ഗ്രാന്റ് ഇനത്തിലും ടൈഡ് ഫണ്ടിനത്തിലും തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മെയിന്റനൻസ് ഫണ്ട് നോൺ റോഡ്, മെയിന്റനൻസ് ഫണ്ട് റോഡ് വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹെൽത്ത് ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ എഫ്.എച്ച്.സി മെയിൻ കെട്ടിട നിർമ്മാണം പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വകയിരുത്തി കുടുംബാരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്താൻ വെൽനെസ്സ് സെന്ററുകളിൽ അടിസ്ഥാന സൗകര്യമൊരുക്കൽ എന്നീ പദ്ധതികലും നടപ്പിലാക്കി വരുന്നു. മാലിന്യ നിർമ്മാർജ്ജനത്തിൽ ഊന്നൽ നൽകികൊണ്ടുള്ള 22 പദ്ധതികളാണ് തൻവർഷം നടപ്പിലാക്കുന്നത്. ഇക്കഴിഞ്ഞ ഫെബ്രുവരി 2-ാം തീയ്യതി നടന്ന ആസൂത്രണ സമിതി യോഗം 29 വാർഷിക പദ്ധതികൾക്കുള്ള ഭേദഗതിക്കും 8 പുതിയ പദ്ധതികൾക്കും 6 പദ്ധതികൾ ഒഴിവാക്കുന്നതിനും അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വെറ്റിംഗിനായ് അയച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചാലുടൻ തന്നെ നിർവ്വഹണം ആരംഭിക്കുന്നതാണ്.

# അദ്ധ്യായം 3
# പ്രശ്നവിശകലനവും പരിഹാര സാധ്യതകളും

ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ കഴിഞ്ഞ 5 പഞ്ചവത്സര പദ്ധതി ആസൂത്രണ നിർവഹണത്തിലൂടെ ഗ്രാമപഞ്ചായത്തിന് ലഭിച്ച എല്ലാവിധ വിഭവസ്രോതസ്സുകളും ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളിലൂടെ പഞ്ചായത്തിൽ നിലനിന്നിരുന്ന പൂർണമായ വികസന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനും സേവന മേഖലകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിലും സേവനങ്ങൾ ഫലപ്രദമായി ജനങ്ങൾക്ക് എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം, കൊടും വരൾച്ച എന്നിവ മൂലമുള്ള പ്രശ്നങ്ങൾ കാരണം ഉൽപാദന മേഖലയിൽ ഉണ്ടായ പുതിയ പ്രശ്നങ്ങൾ അതീവ ഗൗരവമായി കാണേണ്ടതുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതി (2025-26 )യുടെ ആസൂത്രണ ഘട്ടത്തിൽ ഓരോ മേഖലയിലും ഉള്ള വികസന പ്രശ്നങ്ങൾ ഗൗരവപൂർവ്വം പരിശോധിച്ചു പദ്ധതികൾ തയ്യാറാക്കിയിരുന്നു. പദ്ധതിവിഹിതത്തിന്റെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ നടപ്പ് വാർഷിക പദ്ധതി പൂർത്തീകരണത്തിന് വിഘാതമായിട്ടുണ്ട് കേന്ദ്ര പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട നിബന്ധനകളും ഏറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. മൂന്നാം വാർഷിക പദ്ധതി (2025-26) യുടെ ആസൂത്രണ ഘട്ടത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും മേഖല അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു

| വികസന മേഖല | വികസനപ്രശ്നങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| കൃഷി, മണ്ണ്, ജല സംരക്ഷണം, നീർത്തട വികസനം, തൊഴിലുറപ്പ് | നെൽകൃഷി വിസ്തീർണ്ണം കുറയുന്നു തരിശിടുന്ന പ്രവണത കൂടി വരുന്നു. | കാർഷിക ജലലഭ്യത ഉറപ്പാക്കൽ കൃഷി ചെലവിന ആനുപാതികമായി സഹായധനം ഉറപ്പാക്കൽ, ഗ്രൂപ്പ് ഫാമിംഗ് പാട്ടവ്യവസ്ഥയിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ |
| | കാർഷിക വിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളുടെ ശല്യം. | വിവിധ വകുപ്പുകളുടെയും, പ്രാദേശിക കർഷക കൂട്ടായ്മകളുടെയും യോജിച്ച ഇടപെടൽ ശക്തമാക്കുക. |
| | കാർഷിക വൃത്തിയ്ക്ക് തൊഴിലാളികളുടെ ക്ഷാമം. | തൊഴിലുറപ്പ് പദ്ധതി കാർഷികമേഖലയിൽ ഉപയോഗപ്പെടുത്താനുള്ള സാധ്യത ഉപയോഗപ്പെടുത്തുക. തൊഴിൽസേന രൂപീകരിക്കുക. |
| | കാർഷിക ഉല്പന്നങ്ങളുടെ വിപണന സൗകര്യക്കുറവ് | .സ്ഥിരവിപണന സംവിധാനം, ആഴ്ചചന്തകൾ,ഉത്സവകാലങ്ങളിൽ സ്പെഷ്യൽ ചന്തകൾ എന്നിവ ഉണ്ടാക്കുക. |
| | ശാസ്ത്രീയ മണ്ണ് പരിശോധന സൗകര്യക്കുറവ് | കൃഷിവകുപ്പിന്റെ സ്ഥിരം സംവിധാനമുണ്ടാക്കി വാർഡുതലത്തിൽ മണ്ണ് പരിശോധന നടത്തൽ. |
| | ജലസേചന സൗകര്യക്കുറവ്. | തോടുകളുടെ ജലനിർഗമനശേഷി വർദ്ധിപ്പിക്കുവാൻ തൊഴിലുറപ്പ് പദ്ധതി, നാടൻ ചിറ തടയണ എന്നിവ നിർമ്മിക്കും. |
| | ജൈവവളം, ജൈവകീടനാശിനി, ഉൽപ്പാദനക്കുറവ് | ജൈവവള നിർമ്മാണം, ജൈവകീട നാശിനി നിർമ്മാണം എന്നിവയ്ക്കായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ. |
| | ഉൽപ്പാദനച്ചെലവിന ആനുപാതികമായി പാലിന വില കിട്ടുന്നില്ല. | കാലിത്തീറ്റ സബ്സിഡി പദ്ധതി, തീറ്റപുൽകൃഷി എന്നിവ വിപുലീകരിക്കുക. |
| മൃഗസംരക്ഷണം, ക്ഷീര വികസനം | പാൽ വിതരണ സംവിധാനം കാര്യക്ഷമമല്ല. | മൊബൈൽ പാൽ വിതരണ സംവിധാനത്തിന്റെ പ്രോത്സാഹനം. |
| | മൂല്യവർദ്ധിത ഉല്പ്പാദന യൂണിറ്റുകൾ വേണ്ടത്ര ഇല്ല. | സ്വയം തൊഴിൽ യൂണിറ്റുകൾ സംരംഭകത്വത്തിന്റെ ഭാഗമായി ആരംഭിക്കുക. |
| | ICDP സബ് സെന്ററുകളുടെ അടിസ്ഥാന സൗകര്യക്കുറവ് | ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് ഘട്ടം ഘട്ടമായി അടിസ്ഥാനസൗകര്യ ങ്ങൾ വിപുലപ്പെടുത്തും. |
| പ്രാദേശിക സാമ്പത്തിക വികസനം ചെറുകിട വ്യവസായം | സംരംഭകശേഷി ഇല്ലായ്മ റിസ്ക് ഏറ്റെടുക്കാനുള്ള വൈമുഖ്യം. | വിദഗ്ദ്ധപരിശോധന, ജനകീയ പിന്തുണ സംവിധാനമുണ്ടാക്കൽ എന്നിവയിലൂടെ സംരംഭകരിൽ വിശ്വാസം ഉണ്ടാക്കുക. |
| | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | പഞ്ചായത്ത് അധീനതയിലുള്ള സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന പദ്ധതി തയ്യാറാക്കും. |

| | | |
|---|---|---|
| പൊതുഭരണം ധനകാര്യം | പദ്ധതി ആസൂത്രണ നിർവ്വഹണത്തിലും ഗ്രാമസഭകളിലും ജനപങ്കാളിത്തക്കുറവ്. | അയൽക്കൂട്ടങ്ങൾ, വാർഡ് വികസനസമിതികൾ, വിവിധ നിർവ്വഹണ- മോണിറ്ററിംഗ് സമിതികൾ സജീവമാക്കുക. |
| | പ്രധാന ടൗണുകളിൽ മത്സ്യ മാംസ മാർക്കറ്റുകൾ ഇല്ല. | അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി മത്സ്യ മാർക്കറ്റ് സ്ഥാപിക്കാൻ നടപടികൾ ആവിഷ്ക്കരിക്കും. |
| | ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമല്ല. | വികസനഫണ്ട്, തനത് ഫണ്ട് വിവിധ് വകുപ്പുതല ഫണ്ട് എന്നിവ ഏകോപി പ്പിച്ച് അടിസ്ഥാന സൗകര്യ വിപു ലീകരണം സാധ്യമാക്കും. |
| ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം | അണുകുടുംബവ്യവസ്ഥയുടെ ഫലമായി വീടുകളുടെ ആവശ്യകത കൂടുന്നു. | കെട്ടിട സമുച്ചയം എന്ന ആശയം നടപ്പിലാക്കാൻ പ്രാധാന്യം നൽകും |
| | പൊതുവിഭാഗം വീട് അറ്റകുറ്റപണിക്ക് വേണ്ടത്ര ഫണ്ട് ഇല്ല. | പടിപടിയായി ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തും. |
| | ബിപിഎൽ കുടുംബങ്ങളുടെ എണ്ണം കുറയുന്നില്ല. | ദാരിദ്രലഘൂകരണ പദ്ധതി കാര്യക്ഷമമാക്കും. |
| സാമൂഹ്യനീതി, ഭിന്നശേഷി, വയോജനം | അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് അങ്കണവാടികളിൽ നിലനിൽക്കുന്നു. | അടിസ്ഥാന സൗകര്യവിപുലീകരണത്തിന പദ്ധതി. |
| | കുട്ടികൾക്കായി പാർക്കില്ല. | ശിശുസൗഹൃദ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലൂടെ പരിഹാരം. |
| | വയോജന കൂട്ടായ്മകൾക്കായുള്ള ഇടങ്ങളുടെ കുറവ്. | നിലവിലുള്ള പാർക്ക് വിപുലപ്പെടുത്തും. കൂടുതൽപാർക്കുകൾ സ്ഥാപിക്കും. |
| | വയോജനങ്ങളുടെ ആരോഗ്യപ്രശ്നം | വാതിൽപ്പടി സേവനം കാര്യക്ഷമമാക്കും. |
| കുടിവെള്ളം ശുചിത്വം | ഭൂഗർഭജല നിരപ്പ് താഴുന്നു. | ജലസംരക്ഷണ പ്രവർത്തനങ്ങൾ,കിണർ റീചാർജിംഗ് പദ്ധതികൾ എന്നിവ കാര്യക്ഷമമാക്കും. |
| | ഗാർഹിക മാലിന്യസംസ്ക്കരണം ഫലപ്രാമല്ല | ബയോബിൻ, പൈപ്പ് കമ്പോസ്റ്റ് എന്നിവ നടപ്പിലാക്കും |
| | മത്സ്യമാർക്കറ്റിന്റെ അഭാവം. | പ്രധാനടൗണുകളിൽ നടപ്പിലാക്കും. |
| | കിണറുകളിൽ കോളിഫോം ബാക്ടീരിയകളുടെ സാന്നിദ്ധ്യം | കുടിവെള്ളപരിശോധന കാര്യക്ഷമമാക്കും. |
| ആരോഗ്യം | ഹോമിയോ ആശുപത്രിക്ക് കുടിവെള്ള ലഭ്യത ഇല്ല | കുടിവെള്ളം ലഭ്യമാക്കും |
| | ജീവിതശൈലീ രോഗികളുടെ വർദ്ധനവ് | വിപുലമായ ബോധവൽക്കരണം, പരിശോധന, എന്നിവയിലൂടെ നിയന്ത്രണവിധേയമാക്കൽ |
| | യുവാക്കളുടെയും കൗമാരക്കാരുടെയും ഇടയിലുള്ള മാനസിക പിരിമുറുക്കം | ഫലപ്രമായ കൗൺസിലിംഗ്, കൂട്ടായ്മകൾ രൂപീകരിക്കൽ എന്നിവയിലൂടെ സന്തുഷ്ടമായ ജീവിതക്രമം രൂപപ്പെടുത്തൽ |
| വനിത ക്ഷേമം, കുട്ടികളുടെ ക്ഷേമം | വനിതകൾക്ക് കായികശേഷിക്കുറവ്. | വിവിധതരം കായികപരിശീലനപരിപാടികളിലൂടെ പരിഹാരം. |
| | സാനിറ്റേഷൻ, മുലയൂട്ടൽ കേന്ദ്രം എന്നിവ പൊതുസ്ഥലങ്ങളിൽ ഇല്ല. | അനുയോജ്യമായ സ്ഥലം കണ്ടെത്തി നടപ്പിലാക്കും. |
| | വനിതകളുടെ ആരോഗ്യപ്രശ്നങ്ങൾ | പരിശോധന സംവിധാനം വിപുലപ്പെടുത്തുക. |
| | കുട്ടികളുടെ ബാലസഭകൾ സജീവമല്ല. | ബാലവേദികൾ സജീവമാക്കാൻ പ്രവർത്ത |

| | | |
|---|---|---|
| | | നാധിഷ്ഠിത പരിപാടികൾക്ക് രൂപം നൽകും. |
| പട്ടികജാതി ക്ഷേമം | സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളുണ്ട്. | സ്ഥലം കണ്ടെത്തിയിട്ട് നിർമ്മിച്ച് നൽകുവാൻ പദ്ധതി തയ്യാറാക്കും. |
| | വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ മേഖല, തൊഴിലധിഷ്ഠിതമേഖല എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നില്ല. | ബോധവൽക്കരണം, കോളനിതല പിന്തുണാസംവിധാനം എന്നിവ ഉണ്ടാക്കി പരിഹരിക്കും. |
| | പരമ്പരാഗത തൊഴിൽ മേഖലകൾ കാര്യക്ഷമമല്ല. | പരമ്പരാഗത തൊഴിൽ മേഖലകൾ കാര്യക്ഷമമാക്കാൻ അനുയോജ്യമായ രീതിയിൽ ഇടപെടും. |
| പട്ടികവർഗ്ഗ ക്ഷേമം | ഉന്നതവിദ്യാഭ്യാസം നേടാനുള്ള വൈമുഖ്യം. | ആവശ്യമായ ധനസഹായം, ബോധവല്ക്കരണം, പരിശീലനം എന്നിവനൽകി പരിഹരിക്കും. |
| | പരമ്പരാഗത തൊഴിൽ സംരംഭങ്ങളുടെ അഭാവം. | വിദഗ്ദപരിശീലനം നൽകി പരിഹരിക്കുക. |
| ഗതാഗതം വൈദ്യുതി, ഊർജ്ജം | വിവിധ വാർഡുകളിൽ ഗ്രാമീണറോഡുകളുടെ ടാറിംഗ് പ്രവൃത്തി ബാക്കിയുണ്ട്. | വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി പൂർത്തീകരണം. |
| | പ്രാദേശിക റോഡുകളുടെ സംരംക്ഷണം ഉറപ്പാക്കാൻ കഴിയുന്നില്ല. | പ്രാദേശിക സംരംക്ഷണ സമിതികൾ രൂപീകരിച്ച് സംരംക്ഷണം ഉറപ്പാക്കുക. |
| | വൈദ്യുതി വോൾട്ടേജ് ക്ഷാമം. | KSEB യുമായി സഹകരിച്ച് പവർലൈൻ പരിശോധന കാര്യക്ഷമമാക്കും. വ്യക്തിഗത സോളാർ പദ്ധതിക്ക് മുൻഗണന നൽകും. |
| ദുരന്തനിവാരണം, ജൈവവൈവിധ്യം കാലാവസ്ഥാ വ്യതിയാനം | ദുരന്തനിവാരണ സേനകൾ ഫലപ്രദമല്ല. | ആവശ്യമായ പരിശീലനം നൽകി ഫലപ്രദമാക്കും. |
| | ആവശ്യമായ പരിശീലനസാമഗ്രികൾ, ദുരന്തനിവാരണ സാമഗ്രികൾ എന്നിവ ഇല്ല | സാധനസാമഗ്രികൾ വാങ്ങാൻ പദ്ധതി തയ്യാറാക്കും. |
| | ജൈവവൈവിധ്യ സംരക്ഷണം ഫലപ്രദമല്ല. | ഫലപ്രദമാക്കാൻ ബോധവൽക്കരണം, വാർഡുതല ജനകീയഇടപെടൽ കമ്മറ്റി എന്നിവ ഉണ്ടാക്കും. |

# അദ്ധ്യായം 4

# വികസനകാഴ്ചപ്പാട്, വികസനലക്ഷ്യങ്ങൾ, വികസനതന്ത്രം

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് കാർഷിക സമ്പദ് വ്യവസ്ഥയിലധിഷ്ഠിതമാണ് . അതുകൊണ്ട് തന്നെ കൃഷി ഉൾപ്പെടെയുള്ള നുബന്ധ മേഖലകൾക്കാണ് പ്രാധാന്യം നൽകുന്നത്. ഗ്രാമം സമഗ്രപുരയിട കൃഷി വ്യാപനം എന്നിവ അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതുണ്ട് സുസ്ഥിരവികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രധാന ആശയങ്ങളായ ആരോഗ്യ ഗ്രാമം ശിശു സൗഹൃദ ഗ്രാമം എന്നിവയുടെ പൂർത്തീകരണത്തിനായി ഈ സാമ്പത്തിക വർഷം മുതൽ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട് കാർഷിക മേഖലയോടൊപ്പം ആരോഗ്യം, ശിശു വികസനം എന്നീ രണ്ടു മേഖലകൾ കൂടി പ്രാധാന്യം നൽകുന്ന വികസന തന്ത്രമാണ് പഞ്ചായത്ത് ഭരണസമിതി മുമ്പോട്ട് വെക്കുന്നത്. അതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക. അതിദരിദ്രരല്ലാത്ത ഗ്രാമമാക്കി മാറ്റുക, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതും പ്രധാന വികസനലക്ഷ്യമായി കാണുന്നു. 2024-25 വാർഷിക പദ്ധതി രൂപീകരണത്തിൽ മേൽപറഞ്ഞ കാഴ്ചപ്പാടിനനുസൃതമായി പദ്ധതി നിർദ്ദേശങ്ങളാണ് ഗ്രാമസഭകൾ മുതൽ ഉണ്ടായിട്ടുള്ളത്.

## പഞ്ചായത്തിന്റെ പൊതുവികസന കാഴ്ചപ്പാട്-ഒറ്റനോട്ടത്തിൽ

1. അതി ദരിദ്രരുടെ മൈക്രോ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ പൂർണ്ണതയിൽ എത്തിക്കൽ.
2. ആരോഗ്യ ഗ്രാമം സൗഹൃദ ഗ്രാമം എന്നിവയിൽ ഊന്നിയുള്ള സമഗ്ര പരിപാടികൾ ഈ വാർഷിക പദ്ധതി പദ്ധതിയിലൂടെ തുടക്കം കുറിക്കൽ.
3. നല്ല ഭക്ഷണം നല്ല ആരോഗ്യത്തിന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ.
4. കൃഷി അനുബന്ധ മേഖല ഉത്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കൽ.
5. കാലാവസ്ഥ വ്യതിയാനം ജൈവവൈവിധ്യ സംരക്ഷണം എന്നിവക്കുള്ള പദ്ധതികൾ.
6. ദുരന്തനിവാരണ സേന സജ്ജീകരിക്കൽ, വിദഗ്ധ പരിശീലനം, ഉപകരണങ്ങൾ ഉണ്ടാക്കൽ.
7. വിദ്യാലയങ്ങളെ പൂർണ്ണമായും ലഹരിവിരുദ്ധ-പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പയിൻ ആക്കി മാറ്റൽ.
8. ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവർക്ക് പ്രത്യേക നൽകുന്നതോടൊപ്പം അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ പ്രവർത്തന പരിപാടികൾ
9. ഗ്രാമപഞ്ചായത്ത് തലത്തിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ,
10. പരാതി പരിഹാരത്തിന ജനകീയ അദാലത്തുകൾ.

## വികസനലക്ഷ്യങ്ങൾ (വിവിധ മേഖലകളിലൂടെ)

1. ഉല്പാദനമേഖലയുടെ ഉപജീവനമേഖലകളായ കൃഷി,ക്ഷീരവികസനം, മൃഗ സംരംക്ഷണം, ചെറുകിടവ്യവസായം എന്നീ മേഖലകളിൽ ഉല്പാദനം, ഉല്പാ ദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക.
2. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജലസംരക്ഷണ പ്രവർത്തന ങ്ങൾ ഊർജ്ജിതപ്പെടുത്തുക.
3. വിവിധ നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാർഷിക ന ഴ്സറികൾ ഉണ്ടാക്കുക.
4. പച്ചക്കറി, വാഴകൃഷി സ്വയംപര്യാപ്ത ഗ്രാമമാക്കുക.
5. ചെറുകിട വ്യവസായം, കൃഷി എന്നിവയെ അടിസ്ഥാനമാക്കി മൂല്യവർധന ഉൽപ്പന്ന സംരംഭങ്ങൾ ആരംഭിക്കുക

## സേവനമേഖല

1. അതിദരിദ്രരുടെ പട്ടികയിൽ പെട്ടവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന ഉണ്ടാക്കിയ മൈക്രോ പ്ലാൻ സമയബന്ധിതമായി പൂർണ്ണതയിൽ എത്തിക്കുക.
2. ആരോഗ്യ ഗ്രാമം ശിശു സൗഹൃദ ഗ്രാമം പദ്ധതികളുടെ ഭാഗമായി ഈ വാർഷി ക പദ്ധതിയിൽ തന്നെ പ്രവർത്തനങ്ങൾ തുടങ്ങുക.
3. വാസസയോഗ്യമല്ലാത്ത വീടുകളുടെ പുനഃരുദ്ധാരണത്തിനു ഊന്നൽ നൽകുക.
4. ഭിന്നശേഷി-വയോജന വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുക.
5. പഞ്ചായത്ത് തലത്തിൽ ഹാപ്പിനസ് പാർക്ക്.
6. കേരളോത്സവം കൂടുതൽ ജനകീയമാക്കുക.
7. സ്ത്രീശാക്തീകരണം, വനിതാ തൊഴിൽ സംരംഭങ്ങൾ കൂടുതലായി ഉണ്ടാക്കുക.
8. ജീവിതശൈലി രോഗനിയന്ത്രണത്തിന വാർഡ്തലങ്ങളിൽ പരിശോധന സംവി ധാനം വ്യാപിപ്പിക്കുക.
9. ആരോഗ്യമേഖലയിൽ നല്ല ഭക്ഷണം നല്ല ആരോഗ്യത്തിന എന്ന പദ്ധതിയുടെ തുടർ പരിപാടികൾ ആവിഷ്കരിക്കുക.
10. വിദ്യാഭ്യാസമേഖലയിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകും. പശ്ചാത്തലമേഖല

## പശ്ചാത്തലമേഖല

1. രണ്ടു കരകൾ, രണ്ടു വാർഡുകൾ, 2 ഗ്രാമപഞ്ചായത്തുകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന അതിപ്രധാന റോഡുകൾക്ക് മുൻഗണന.
2. റോഡുകളുടെ സംരക്ഷണം പ്രാദേശിക സമിതികൾ ഉണ്ടാക്കി നിർവഹിക്കും.
3. കെഎസ്ഇബിയുമായി ചേർന്ന് പവർലൈൻ പരിശോധന, മരച്ചില്ലകൾ വെട്ടി മാറ്റൽ എന്നിവ നടപ്പിലാക്കി പ്രസരണനഷ്ടം ഒഴിവാക്കും.
4. വീടുകളിൽ സോളാർ പദ്ധതിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തും.

## പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും പരമ്പരാഗത തൊഴിൽ മേഖല മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകും.

# അധ്യായം 5

## വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കാങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്തിൽ വിവിധ വികസന മേഖലകളിൽ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് എല്ലാ സ്രോതസ്സുകളിലൂടെയും ലഭ്യമാകുന്ന ഫണ്ടുകളിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | വികസന ഫണ്ട് | |
| | എ) പൊതു വിഭാഗം | 23903000 |
| | ബി) പട്ടികജാതി ഉപപദ്ധതി | 3408000 |
| | സി) പട്ടികവർഗ്ഗ ഉപപദ്ധതി | 160000 |
| | ആകെ | 2,53,35,000 |
| 2 | മെയിന്റനൻസ് ഗ്രാന്റ് | |
| | എ) റോഡിതരം | 12688000 |
| | ബി)റോഡ് | 32286000 |
| | ആകെ | 44974000 |
| 4 | തനത് ഫണ്ട് | 6000000 |

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ അഞ്ചാം വാർഷിക പദ്ധതിയിൽ (2026-27) അധിക വിഭവ സമാഹരണത്തിനായി ഗുണഭോക്തൃ വിഹിതം, സന്നദ്ധ സേവനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവയും എന്നിവയും ഉൾപ്പെടുത്തേണ്ടതുണ്ട്. ചെറുകിട ഗ്രൂപ്പ് സംരംഭങ്ങൾ, വ്യക്തിഗത സംരംഭങ്ങൾ എന്നിവയ്ക്ക് പരമാവധി ബാങ്ക് വായ്പ ലഭ്യമാക്കി അധിക വിഭവ സമാഹരണം നടത്തും. സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി, എം പി ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ വഴി ലഭിക്കുന്ന ഫണ്ടും വാർഷിക പദ്ധതിയുടെ അധിക വിഭവ സമാഹരണ സാധ്യതയായി കാണുന്നു.

## മേഖലാ വിഭജനം (വികസന ഫണ്ട്)

| | | |
|---|---|---|
| 1. | 5736720 | 4395020 |
| 2 | സേവന മേഖല | 12429560 |
| 3. | അടിസ്ഥാന സൗകര്യ വികസനം-പശ്ചാത്തല മേഖല | 5736720 |
| 4. | പട്ടികജാതി ഘടക പദ്ധതി | 1022400 |
| 5. | പട്ടികവർഗ്ഗ ഉപപദ്ധതി | 48000 |

## അനിവാര്യമായ പദ്ധതികൾക്കുള്ള വകയിരുത്തലുകൾ

| | | |
|---|---|---|
| 1. | അങ്കണവാടി പോഷകാഹാരം | 1500000 |
| 2 | പാലിയേറ്റീവ് കെയർ | 650000 |
| 3. | എസ്.എസ്.കെ.വിഹിതം | 500000 |
| 4. | അതിദാരിദ്ര്യ നിർമ്മാർജ്ജനം | 100000 |
| 5. | ഐ.കെ.എം.വിഹിതം നൽകൽ | 100000 |
| 6. | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 600000 |

## അദ്ധ്യായം – 6

# പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

# മേൽത്തട്ട് നിർദേശങ്ങൾ

## പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്
2. അംഗൻവാടി പോഷകാഹാരം
3. പാലിയേറ്റീവ് കെയർ
4. നെൽ കൃഷിക്ക് കൂലിച്ചെലവ്-സബ്സിഡി
5. ലൈഫ് ഭവന പദ്ധതി
6. പച്ചക്കറി കൃഷിക്ക് കൂലിചെലവ്
7. ക്ഷീര കർഷകർക്ക് പാൽ ഉല്പാദന സബ്സിഡി
8. പാടശേഖരങ്ങൾക്ക് സ്പ്രെയർ
9. നിലവിലുള്ള തടയണ മെച്ചപ്പെടുത്തൽ
10. വലിയചാൽ സ്കൂളിന് ഓപ്പൺ ഓഡിറ്റോറിയം
11. എസ് സി ശ്മശാന നവീകരണം -ബ്ലോക്ക് വിഹിതം
12. ഐ ആർ പി സിക്ക് ധനസഹായം
13. എം സി എഫിൽ അടിസ്ഥാന സൗകര്യ വിപുലീകരണം
14. ചിറ്റിക്കോട് നഗർ റോഡ് ടാറിംഗ്
15. എസ് ടി ഉന്നതിയിൽ നടപ്പാതകള്
16. എസ് ടി ഉന്നതിയിൽ പഠനമുറി
17. എസ് ടി ഉന്നതിയിൽ ഫർണ്ണിച്ചർ
18. എം സി എഫ് അടിസ്ഥാന സൌകര്യ വിപുലീകരണം
19. ഭിന്നശേഷി മുച്ചക്ര വാഹനം (ബ്ലോക്ക്)
20. മുതലപ്പെട്ടി, കോലാച്ചിക്കുണ്ട് സാംസ്ക്കാരിക നിലയം മെച്ചപ്പെടുത്തൽ
21. എസ് സി ശ്മശാന നവീകരണം
22. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ.
23. ചൂരൽ വ്യവസായ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
24. പായം കുറുക്കക്കാട്ട് കരിയാപ്പ റോഡ് ടാറിംഗ്

## കണ്ണൂർ ജില്ലാ പഞ്ചായത്ത്

1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് / ബത്ത
2. ലൈഫ് ഭവന പദ്ധതി എസ് സി
3. ലൈഫ് ഭവന പദ്ധതി പട്ടികജാതി അഡീഷണൽ
4. ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം അഡീഷണൽ
5. പച്ചക്കറി വിത്തും തൈകളും
6. പച്ചക്കറി തൈ വിതരണം
7. പാലിയേറ്റീവ് കെയർ
8. ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി
9. അങ്കണവാടി പോഷകാഹാരം
10. വി.സി.ബി. നിർമ്മാണം
11. ഔഷധ ഗ്രാമം
12. പുല്ലാമണി വെളിച്ചംതോട് റോഡ് മെയിന്റനൻസ്
13. മാത്തിൽ ആലക്കാട് റോഡ് മെയിന്റനൻസ്
14. കാളീശ്വരം ആലാംകുന്ന് വൈപ്പിരിയം മാതമംഗലം സെക്യൂരിറ്റി റോഡ് ടാറിംഗ്
15. പുല്ലാമണ്ണി വെളിച്ചന്തോട് റോഡ് പുനരുദ്ധാരണം.
16. കുണ്ടംകൊവ്വൽ കാളീശ്വരം റോഡ് ടാറിംഗ്
17. പ്രാന്തംചാൽ വടശ്ശേരി റോഡ് ടാറിംഗ്.
18. കണ്ണങ്ങാട്ട് വടവന്തൂർ കോൺക്രീറ്റ് തടയണ നിർമ്മാണം.
19. പുല്ലാമണ്ണി ശ്മശാനം നവീകരണം.

# അദ്ധ്യായം 7
## പ്രത്യേക പദ്ധതികൾ/പരിപാടികൾ

കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യമായ പുരോഗതിക്കും സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്ന തിനും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾക്കാണ് 2024-25 വാർഷിക പദ്ധതിയിൽ മുൻഗണന നൽകുന്നത്.എസ്.സി/എസ്.ടി വിദ്യാർത്ഥികളുടെ ഉന്നത പഠ നത്തിന ധനസഹായം, വിവാഹധനസഹായം, പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ പരി പോഷിപ്പിക്കൽ എന്നിവയ്ക്കും ഊന്നൽ നൽകുന്നു.കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കൽ, വീടുകളുടെ റിപ്പയർ എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു.

ഭിന്നശേഷിക്കാർ,വയോജനങ്ങൾ, കുട്ടികൾ, വനിതകൾ എന്നിവരുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കും. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ,ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ്,വയോജനസംഗമം,കലാമേളകൾ, വനിതാശാക്തീകരണ പരിപാടികൾ, കുട്ടികളുടെ വ്യക്തിത്വവികാസവുമായി ബന്ധപ്പെട്ട പദ്ധതികൾ എന്നിവർക്ക് 2025-26 പദ്ധതിയിൽ പ്രാമുഖ്യം നൽകുന്നു.

# അദ്ധ്യായം 8
# വായ്പാബന്ധങ്ങൾ

കേരളസർക്കാറിന്റെ വ്യവസായസംരംഭത്വ പരിപാടിയുമായി ബന്ധപ്പെട്ട് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നുണ്ട്. ആയത് ഈ വാർഷിക പദ്ധതി കാലയളവിലും തുടർന്നു കൊണ്ട് പോകാൻ ശ്രമിക്കുന്നതാണ്. 2025-26 വാർഷിക പദ്ധതിയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഉണ്ട്. വനിതാഗ്രൂപ്പ് സംരംഭങ്ങൾ, മറ്റ് തൊഴിൽ സംരംഭങ്ങൾ,കറവപ്പശു വളർത്തൽ,ആടു വളർത്തൽ എന്നി പദ്ധതികൾക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കാൻ ശ്രമിക്കും. സബ്സിഡി, റിവോൽവിംഗ് ഫണ്ട് എന്നിവ ലഭ്യമാക്കി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. ലൈഫ് ഭവന പദ്ധതി അതിന്റെ പൂർണ്ണതയിലെത്തിക്കുന്നതിനായി വികസന ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ അപര്യാപ്തമായതിനാൽ ഹഡ്കോയുടെ വായ്പ ഉപ യോഗപ്പെടുത്തി ഈ വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ദേശ സാൽകൃത ബാങ്ക്, ഗ്രാമീണ ബാങ്ക്, സഹകരണ ബാങ്കുകൾ എന്നീ ധനകാര്യ സ്ഥാപന ങ്ങളുമായി ബന്ധപ്പെട്ട് വായ്പ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## അദ്ധ്യായം 9

## സമഗ്രപരിപാടികൾ, സംയോജനസാധ്യതകൾ

2025-26 വാർഷിക പദ്ധതിയിൽ തന്നെ വികസനപദ്ധതികളെ അതിന്റെ സമഗ്രതയിൽ കണ്ട് പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് ശ്രമിച്ചുവെങ്കിലും വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. സംയോജനസാധ്യതകൾ ഉപയോഗപ്പെടുത്തി സമഗ്രപരിപാടികൾ ഉണ്ടാവുക എന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. ത്രിതല പഞ്ചായത്തുകൾ ഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുന്ന സമഗ്രപരിപാടികൾ വിവിധ വികസനമേഖലകളുമായി സംയോജിപ്പിക്കേണ്ടതുണ്ട്.

## സംയോജിത സാധ്യതാ പദ്ധതികൾ

1. ഭവനനിർമ്മാണ മേഖല - ലൈഫ് ഭവനപദ്ധതി സംയുക്തപദ്ധതിയായി നടപ്പിലാക്കും.
2. സാമൂഹ്യക്ഷേമം മേഖലയിൽ അംഗൻവാടി പോഷകാഹാര വിതരണം- ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതിയായി നടപ്പിലാക്കും.
3. ക്ഷീരകർഷകർക്ക് പാൽ ഉല്പാദന സബ്സിഡി ഗ്രാമപഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റെയും പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കും.
4. നെൽകൃഷിക്ക് കൂലിച്ചെലവ്-ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയുമായി സംയോജനം നടത്തി നടപ്പിലാക്കും.
5. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന നല്ല ഭക്ഷണം നല്ല ആരോഗ്യത്തിന് തുടർ പദ്ധതി പഞ്ചായത്തിലെ വിവിധ വികസനമേഖലകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കും.
6. ഹാപ്പിനസ്സ് പാർക്ക്

# അദ്ധ്യായം 10
# മോണിറ്ററിംഗ്

14 വികസന മേഖലകളിലായി പദ്ധതി ആസൂത്രണ നിർവ്വഹണത്തിനായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഉല്പാദന സേവന പശ്ചാത്തലമേഖലകളിലും പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീമേഖലകളുമായി ബന്ധപ്പെട്ടാണ് 14 വികസനമേഖലകൾ.പദ്ധതി നിർവ്വഹണഘട്ടത്തിൽ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

2025-26 വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം മോണിറ്ററിംഗ് സമിതി ഉണ്ടാകണം. ഓരോ വികസനമേഖലയ്ക്കും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ഒഴിവാക്കി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഉൾപ്പെടെയുള്ള മേഖ ലാതല മേണിറ്റിറിംഗ് സമിതി രൂപീകരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥർക്കു പകരം മറ്റൊരു ഉദ്യോഗസ്ഥനായിരിക്കും സമിതി കൺവീനർ. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സമിതികൾ അതാത് ഘട്ടങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനം മോണിറ്റ റിംഗ് നടത്തണം. പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ ഘട്ടത്തിൽ മോണിറ്റിംഗ് സമിതി നിർദ്ധിഷ്ട ഫോറത്തിൽ ആവശ്യമായ തരത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി ചെയർമാനും കൺവീനറും കൂടാതെ മൂന്നോ അതിലധികമോ അംഗങ്ങളും ഒപ്പിട്ട് നൽകേണ്ടതാണ്.